# പാദവാർഷിക ആത്യന്തിക വിലയിരുത്തൽ 2025 - 2026

## സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : 2 മണിക്കൂർ 30 മിനിറ്റ്
ആകെ സ്കോർ : 80

## ഉത്തരസൂചിക

1. A) ടൈഗെമേഖല

2. C) a,d

3. C) a യും c യും ശരിയാണ്

4. D) ഹർമാറ്റൻ

5. B) a-ii, b-iii, c-i

| | |
|---|---|
| a. മൈക്കലാഞ്ചലൊ | ii) ശക്തരും സുന്ദരരുമായ മനുഷ്യരായിരുന്നു ചിത്രങ്ങളുടെ കേന്ദ്രബിന്ദു |
| b. ലിയനാർഡൊ ഡാവിഞ്ചി | iii) വർണ്ണം, നിഴൽ, പ്രകാശം എന്നിവയെ സംയോജിപ്പിക്കുന്നതിൽ അതുല്യൻ |
| c. റാഫേൽ | i) മനുഷ്യരെ വിവേകികളും മിതവാദികളും അന്തസ്സുള്ളവരുമായി ചിത്രീകരിച്ചു |

6. B) ലൂയി പതിനാലാമൻ

7. D) സാമൂഹികവിശകലനം

8. D) a യും c യും ശരിയാണ്

9. A) * ദി പ്രിൻസ് എന്ന കൃതിയിൽ നിക്കോളോ മാക്യവെല്ലി രാഷ്ട്രീയചിന്തകളാണ് പങ്കുവയ്ക്കുന്നത്.

* മധ്യകാലത്തെ ഫ്യൂഡൽ ഭരണാധികാരികളിൽനിന്നും വ്യത്യസ്തനായ ഒരു ഭരണാധികാരിയെയാണ് മാക്യവെല്ലി ദി പ്രിൻസിൽ അവതരിപ്പിക്കുന്നത്.

Pramod Kumar # Republican VHSS, Konni

* താൻ ഭരിക്കുന്ന രാജ്യത്തിന്റെ അധികാരവും സുരക്ഷയും നിലനിർത്തുക എന്നത് ഭരണാധികാരിയുടെ സുപ്രധാന കടമയായി അദ്ദേഹം കരുതി.

* ജനങ്ങൾ പൊതുവെ സ്വാർത്ഥരും അധികാരത്തോടും ഭൗതിക അഭിവൃദ്ധിയോടും താൽപര്യമുള്ളവരുമാണ്. അതിനാൽ രാജ്യത്തിന്റെ തലവൻ ഒരിക്കലും തന്റെ പ്രജകളിൽ ഒരു വിഭാഗത്തോട് പ്രീതിയോ കടപ്പാടോ കാണിക്കാൻ പാടില്ല എന്നദ്ദേഹം അഭിപ്രായപ്പെട്ടു.

9. B) * പതിനാലാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പൊട്ടിപ്പുറപ്പെട്ട ബ്യൂബോണിക് പ്ലേഗ് എന്ന മഹാമാരി ഇറ്റാലിയൻ നഗരങ്ങളെ സാരമായി ബാധിച്ചു.

* നിലവിലുണ്ടായിരുന്ന മരുന്നുകൾ പ്ലേഗിനെ ചെറുക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ പ്രാചീന ഗ്രീസിലെയും റോമിലെയും വൈദ്യശാസ്ത്രത്തെക്കുറിച്ച് ജനങ്ങൾ കൂടുതൽ പഠിക്കാൻ തുടങ്ങി.

* പ്ലേഗിന്റെ ഭീകരത മനുഷ്യനെ ജീവിതത്തിന്റെ നൈമിഷികതയെയും അനിശ്ചിതത്വത്തെയുംകുറിച്ച് ചിന്തിക്കാനും സുഖങ്ങളെക്കുറിച്ചന്വേഷിക്കാനും തങ്ങളെക്കുറിച്ചുതന്നെ ചിന്തിക്കാനും പ്രേരിപ്പിച്ചു.

* ഈ സാഹചര്യങ്ങൾ മാനവികതയിലേക്ക് വഴിതുറന്നു.

10. A) * കൗമാരക്കാർ എപ്പോഴും വിമതരും നിരുത്തരവാദ സ്വഭാവമുള്ളവരുമാണ് എന്നതൊരു സാമാന്യവൽക്കരിച്ച വിശ്വാസമാണ്. ഈ പ്രസ്താവന വാർപ്പു മാതൃകയ്ക്ക് ഒരു ഉദാഹരണമാണ്.

* ഈ വാർപ്പുമാതൃക എല്ലാ കൗമാരക്കാരും നിയമങ്ങൾ അവഗണിക്കുന്നവരാണെന്നും ഉത്തരവാദിത്വം പ്രകടിപ്പിക്കാത്തവരാണെന്നുമുള്ള തെറ്റിധാരണയുണ്ടാക്കുന്നു.

* വാസ്തവത്തിൽ കൗമാരക്കാർ വൈവിധ്യമാർന്ന ഒരു കൂട്ടമാണ്. പലരും ഉത്തരവാദിത്വബോധവും പരസ്പരബഹുമാനവും പുലർത്തുന്നവരാണെന്ന് കാണാം.
* എന്നാൽ ഇത്തരം വാർപ്പുമാതൃകയിലൂന്നിയ പ്രസ്താവനകൾ കൗമാരക്കാരോടുള്ള വിശ്വാസക്കുറവിലേക്ക് നയിക്കുന്നു. കൂടാതെ അവരുടെ പെരുമാറ്റത്തെക്കുറിച്ചുള്ള തെറ്റായ അനുമാനങ്ങൾക്കും ഇത് ഇടയാക്കുന്നു

10. B) * അനുവിന് സമീപകാലത്തായി പഠനത്തിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തിപരമായ പ്രശ്നം മാത്രമല്ല.

* വ്യക്തിഗതമായ എല്ലാ പ്രശ്നങ്ങൾക്കും പിന്നിൽ നിരവധി സാമൂഹികഘടകങ്ങൾകൂടിയുണ്ട്.

* മടി, അലസത, പഠനത്തോടുള്ള വക്തിപരമായ താല്പര്യക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾക്കപ്പുറം കുടുംബപശ്ചാത്തലം, വിഭവങ്ങളുടെ പ്രാപ്യതക്കുറവ്, അനിയന്ത്രിതവും അനഭിലഷണീയവുമായ മത്സരാധിഷ്ഠിത വ്യവസ്ഥ, സമൂഹത്തിന്റെ തെറ്റായ കാഴ്ചപ്പാടുകൾ എന്നിവയെല്ലാം വിവിധ ഘട്ടങ്ങളിൽ അനുവിനെ സ്വാധീനിച്ചിട്ടുണ്ടാവാം.

* ഇത്തരം സാമൂഹിക ഘടകങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ സാമൂഹിക പ്രശ്നങ്ങളുടെ കാര്യ കാരണ ബന്ധങ്ങളും പ്രത്യാഘാതങ്ങളും തിരിച്ചറിഞ്ഞ് അവയുടെ പരിഹാരങ്ങൾ നിർദ്ദേശിക്കാൻ കഴിയുന്നു.

11. a) നിംബസ് മേഘങ്ങൾ
    b) സിറസ് മേഘങ്ങൾ

12. * ഭക്ഷ്യക്ഷാമവും ദേശീയസഭയോട് സഹകരിക്കാത്ത ലൂയി പതിനാറാമന്റെ നയങ്ങളും സ്ത്രീകളെ പ്രക്ഷോഭത്തിനിറങ്ങാൻ പ്രേരിപ്പിച്ചു. ആയിരക്കണക്കിന് സ്ത്രീകൾ ചൂൽ ഉൾപ്പെടെയുള്ള നിത്യോപയോഗ സാമഗ്രികളും വാൾ, കുന്തം, തോക്ക് എന്നിവയും കൈയിലേന്തി ബൂർബൺ രാജാക്കന്മാരുടെ വസതിയായ പാരീസിലെ വേഴ്സായ് കൊട്ടാരത്തിലേക്ക് മാർച്ച് ചെയ്തു.

* രാജാവിനെയും കുടുംബത്തെയും അവർ നിർബന്ധപൂർവം പാരീസിലേക്ക് കൊണ്ടുവന്നു. ഗത്യന്തരമില്ലാതെ ദേശീയസഭയുടെ തീരുമാനങ്ങൾ അംഗീകരിക്കാമെന്ന് ലൂയി പതിനാറാമൻ ഉറപ്പുകൊടുത്തു.

* ഫ്രാൻസിലെ പ്രശസ്ത നാടകകൃത്തും പൊതുപ്രവർത്തകയുമായിരുന്ന ഒളിമ്പ് ദെ ഗൂഷ് വിപ്ലവകാലത്ത് സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ച ഉറച്ച സ്ത്രീശബ്ദമായിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അധികാരവും അവകാശങ്ങളുമുള്ള സാമൂഹിക ഘടനയ്ക്കുവേണ്ടി അവർ നിലകൊണ്ടു. സ്ത്രീ സമത്വത്തിനുവേണ്ടി വാദിച്ച മറ്റൊരു വനിതയായിരുന്നു മാഡം ഴാങ് റോളണ്ട്.

**13.** * ഉഷ്ണമേഖലയിലെ വൻകരകളുടെ പടിഞ്ഞാറ് ഭാഗങ്ങളിലാണ് ഉഷ്ണമരുഭൂമികൾ പൊതുവെ സ്ഥിതിചെയ്യുന്നത്.

* വാണിജ്യവാതങ്ങൾ വൻകരകൾക്ക് കുറുകെ സഞ്ചരിച്ച് പടിഞ്ഞാറ് അരികുകളിലേക്ക് എത്തുന്നതോടെ കാറ്റുകളിലെ ഈർപ്പം നഷ്ടപ്പെട്ട് ഇവ വരണ്ട കാറ്റുകളായി മാറുന്നു.

* അതിനാൽ വൻകരകളുടെ പടിഞ്ഞാറൻ അരികുകൾ വർഷംമുഴുവൻ വരണ്ടതായി കാണപ്പെടുന്നു. ഇതാണ് മരുഭൂമികൾ രൂപപ്പെടാനുള്ള പ്രധാന കാരണം.


**14.** a) ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിക്കുകയും ഏകീകൃത കറൻസി സംവിധാനം നടപ്പിലാക്കുകയും ചെയ്തു.

b) സൈന്യത്തെ പല ബറ്റാലിയനുകളാക്കി പുനഃസംഘടിപ്പിച്ചു.

**15.** a) ബുഷ്മെൻ - ഉഷ്ണമരുഭൂമികൾ

b) മസായി - സാവന്ന കാലാവസ്ഥാമേഖല

**16.**




**17.** a) * രാജ്യത്താകമാനം ഏകീകൃത ഭരണഘടന നടപ്പിലാക്കി.

* അസൈനാറ്റ് എന്ന പേരിൽ പുതിയ കടലാസ് കറൻസി പുറത്തിറക്കി.

* മതമേധാവികളുടെ നിയന്ത്രണത്തിലായിരുന്ന സ്വത്തുക്കൾ കണ്ടുകെട്ടി.

* പൂർണ്ണമായ മതസഹിഷ്ണുത പ്രഖ്യാപിച്ചു.

* പുരോഹിതർ ഗവൺമെന്റിന്റെ ശമ്പളം പറ്റുന്നവരായി മാറി.

**17.** b) നെപ്പോളിയന്റെ പരാജയത്തിനുശേഷം യൂറോപ്പിലെ രാജ്യങ്ങൾ **1815-** ൽ ഓസ്ട്രിയയിലെ വിയന്നയിൽ യോഗം ചേർന്ന് ചില സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു. വിയന്ന സമ്മേളനത്തോടുകൂടി യൂറോപ്പിലെ ഫ്രഞ്ച് മേധാവിത്വം അവസാനിച്ചു. യൂറോപ്പിലെ രാജ്യങ്ങളിൽ ഫ്രഞ്ച് വിപ്ലവത്തിന് മുമ്പുള്ള രാജഭരണം പുനഃസ്ഥാപിക്കുക, ഫ്രാൻസിൽ ബൂർബൺ രാജഭരണം പുനഃസ്ഥാപിക്കുക, ബ്രിട്ടന്റെ നാവികമേധാവിത്വവും റഷ്യയുടെ കിഴക്കൻ യൂറോപ്പിലെ ആധിപത്യവും അംഗീകരിക്കുക, മധ്യയൂറോപ്പിൽ ഓസ്ട്രിയയുടെ മേധാവിത്വം അംഗീകരിക്കുക തുടങ്ങിയ തീരുമാനങ്ങളിലൂടെ യൂറോപ്പിന്റെ ഭൂപടം മാറ്റി വരയ്ക്കപ്പെട്ടു.

**18.** * മധ്യകാലലോകത്തെ പ്രധാനമായും സ്വാധീനിച്ചിരുന്നത് സ്കോളാസ്റ്റിസിസം എന്നറിയപ്പെട്ട തത്വശാസ്ത്രമായിരുന്നു.

* ക്രൈസ്തവ മതചിന്തയെ അടിസ്ഥാനമാക്കിയുള്ള ഈ തത്വശാസ്ത്രം വിജ്ഞാനത്തെയും അന്വേഷണങ്ങളെയും പ്രോത്സാഹിപ്പിച്ചുവെങ്കിലും ദൈവത്തിനും പരലോകജീവിതത്തിനുമാണ് ഊന്നൽ നൽകിയത്.

* ഇതിൽനിന്ന് മാറി മനുഷ്യനും ഇഹലോകത്തിനും യുക്തിചിന്തയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് മാനവികത എന്ന ആശയം രൂപപ്പെട്ടത്.

* മനുഷ്യനിൽ അന്തർലീനമായ അനന്യത, വികാരങ്ങൾ, ശേഷികൾ, എഴുത്ത്, സംഭാഷണം എന്നിവയ്ക്ക് മാനവികതാവാദികൾ ഊന്നൽനൽകി.

* ദൈവകേന്ദ്രീകൃതമായ കാഴ്പ്പാടിൽനിന്നും മനുഷ്യകേന്ദ്രീകൃതമായ വീക്ഷണത്തിലേക്കുള്ള പരിവർത്തനമായിരുന്നു ഇതിന്റെ അടിസ്ഥാനം. വിയോജിപ്പുകൾക്കും വിമർശനങ്ങൾക്കും മാനവികതയിൽ സ്ഥാനംലഭിച്ചു. മതത്തിന്റെ ആധിപത്യം ചോദ്യംചെയ്യപ്പെട്ടു.

19.

| സാവന്ന കാലാവസ്ഥാമേഖല | | |
|---|---|---|
| അക്ഷാംശവ്യാപ്തി | : | ഇരുഅർധഗോളങ്ങളിലുമായി 10 ഡിഗ്രി മുതൽ 30 ഡിഗ്രി വരെ |
| വാർഷിക ശരാശരി താപനില | : | a 21 ° C മുതൽ 32° C വരെ |
| സസ്യങ്ങൾ | : | b ഇലപൊഴിയും വൃക്ഷങ്ങൾ, ഉയരംകൂടിയ പുല്ലുവർഗങ്ങൾ |
| ഉപജീവനമാർഗങ്ങൾ | : | c മൃഗപരിപാലനം, കൃഷി |

20. * സാമാന്യബോധജ്ഞാന സമീപനം വ്യക്തിഗത വീക്ഷണങ്ങളിലും അനുഭവങ്ങളിലുമായി പരിമിതപ്പെട്ടിരിക്കുന്നു. സമൂഹശാസ്ത്രസങ്കല്പ സമീപനം വ്യക്തിഗത അനുഭവങ്ങളെ വലിയ സാമൂഹിക ഘടനകളുമായി ബന്ധിപ്പിക്കുന്നതിനാൽ വ്യാപ്തി വലുതാണ്.

* സാമാന്യബോധജ്ഞാന സമീപനം പലപ്പോഴും വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കിയുള്ള ഉപരിതലവിശദീകരണം മാത്രമേ നൽകുന്നുള്ളൂ. സമൂഹശാസ്ത്രസങ്കല്പ സമീപനം സാമൂഹികഘടകങ്ങൾ വ്യക്തികളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ആഴത്തിൽ വിശകലനം ചെയ്യുന്നു.

* സാമാന്യബോധജ്ഞാന സമീപനം സാമൂഹിക യാഥാർഥ്യങ്ങളെയും പ്രശ്നങ്ങളെയും വിമർശനാത്മക ചിന്തയിലൂടെ സമീപിക്കുന്നില്ല. സമൂഹശാസ്ത്രസങ്കല്പ സമീപനം വ്യക്തിപരമായ അനുഭവങ്ങളും സാമൂഹിക ഘടനകളും തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുന്നതിന് പ്രേരിപ്പിക്കുന്നു.

21. * തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകൾ

* ഉഷ്ണകാലത്ത് ദക്ഷിണേഷ്യൻ വൻകര, പ്രത്യേകിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡം വൻതോതിൽ ചൂടുപിടിക്കുന്നതിനാൽ ശക്തമായ ന്യൂനമർദം രൂപപ്പെടുന്നു. താരതമ്യേന ഉയർന്ന മർദമുള്ള ഇന്ത്യൻസമുദ്രത്തിൽ നിന്നും മർദം കുറഞ്ഞ വൻകരഭാഗത്തേയ്ക്ക് കാറ്റ് വീശുന്നു. കോറിയോലിസ് പ്രഭാവത്താൽ തെക്കുപടിഞ്ഞാറ് നിന്നും വീശുന്ന ഈ കാറ്റുകൾ കരയിൽ പ്രവേശിക്കുന്നതോടെ പലയിടങ്ങളിലും വ്യാപകമായി മഴ ലഭിക്കുന്നു. ഇതാണ് തെക്കുപടിഞ്ഞാറൻ മൺസൂൺ.

22. ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുകയും, ഉത്തരവാദിത്വങ്ങൾ ബോധ്യമാക്കുകയും, വ്യാപാരത്തിൽ പ്രത്യേകിച്ച് ഓൺലൈൻ വ്യാപാരത്തിൽ സുരക്ഷ ഉറപ്പാക്കുകയും, വിപണിയിലെ ധാർമ്മികതയും ചട്ടങ്ങളും തിരിച്ചറിയുകയും, ഉപഭോക്തൃസംരക്ഷണ നിയമത്തെക്കുറിച്ച് അവബോധമുള്ളവരാകുകയും, അതിലൂടെ ഉപഭോക്തൃനീതി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. ഏതൊരു സാധനം വാങ്ങുമ്പോഴും ഉപഭോക്താവ് ബിൽ ചോദിച്ചുവാങ്ങേണ്ടതാണ്. ബിൽ ലഭിക്കുക എന്നത് ഉപഭോക്താവിന്റെ അവകാശംകൂടിയാണ്. ശരിയായ ഉപഭോക്തൃ വിദ്യാഭ്യാസത്തിന്റെ അഭാവമാണ് ദീപയുടെ അനുഭവത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഉപഭോക്തൃ വിദ്യാഭ്യാസം ഉപഭോക്താക്കളിൽ ബോധവൽക്കരണം ഉറപ്പാക്കുകയും സ്വയം സുരക്ഷാമൂല്യം ഉയർത്തുകയും ചെയ്യുന്നു.

23. * ലോകകാലാവസ്ഥാ സംഘടന - കാലാവസ്ഥാസമ്മേളനങ്ങൾ സംഘടിപ്പിക്കുക.

* സ്റ്റോക്ക്ഹോം സമ്മേളനം - പരിസ്ഥിതി പരിപാലനവും വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

* ഭൗമഉച്ചകോടി - പ്രകൃതി സൗഹൃദ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി യു.എൻ അജണ്ട. 21 തയ്യാറാക്കിയുള്ള പ്രവർത്തനങ്ങൾ.

* ക്യോട്ടോ പ്രോട്ടോക്കോൾ - അന്തരീക്ഷത്തിൽ ഹരിതഗൃഹവാതകങ്ങളുടെ അളവ് പരിമിതപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ.

* മോൺട്രിയൽ പ്രോട്ടോക്കോൾ - ഓസോൺപാളിക്ക് നാശം വരുത്തുന്ന പദാർഥങ്ങളുടെ അളവ് പരിമിതപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ.

* പാരിസ് ഉടമ്പടി - ആഗോളതാപവർധനവ് കുറയ്ക്കുക, കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലങ്ങളോട് പൊരുത്തപ്പെടുവാൻ ലോകരാഷ്ട്രങ്ങളെ സഹായിക്കുക എന്നീ ലക്ഷ്യങ്ങളുമായുള്ള പ്രവർത്തനങ്ങൾ.

* G20 ഉച്ചകോടി - ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി എന്ന മുദ്രാവാക്യത്തോടെ ഹരിതവികസനം, കാലാവസ്ഥാധനകാര്യം, സമഗ്രവികസനം എന്നിവയ്ക്ക് വഴിതെളിക്കുന്ന പ്രവർത്തനങ്ങൾ.

( ഏതെങ്കിലും മൂന്നെണ്ണം എഴുതുക )

24. (A)




A – പശ്ചിമവാതങ്ങൾ
B – ധ്രുവീയവാതങ്ങൾ




* പശ്ചിമവാതങ്ങൾ ഉപോഷ്ണ ഉച്ചമർദമേഖലകളിൽനിന്നും ഉപധ്രുവീയ ന്യൂനമർദമേഖലകളിലേക്ക് വീശുന്നു.

* ധ്രുവീയവാതങ്ങൾ ധ്രുവീയ ഉച്ചമർദമേഖലകളിൽനിന്നും ഉപധ്രുവീയ ന്യൂനമർദമേഖലകളിലേക്ക് വീശുന്നു.

24. (B) സൗരവികിരണത്തിലൂടെ ഭൗമോപരിതലം ചൂടുപിടിക്കുന്നു. തുടർന്ന് വിവിധ താപനപ്രക്രിയകളിലൂടെ ഭൗമോപരിതലത്തിൽ നിന്നും അന്തരീക്ഷത്തിലേയ്ക്ക് താപവ്യാപനമുണ്ടാകുന്നു. താപചാലനം, സംവഹനം, അഭിവഹനം, വികിരണം എന്നിവയാണ് പ്രധാന താപനപ്രക്രിയകൾ.ചൂടായ ഭൗമോപരിതലത്തോട് ചേർന്നുള്ള അന്തരീക്ഷത്തിന്റെ താഴ്ന്ന വിതാനങ്ങളിലേക്ക് താപം പകരുന്ന പ്രക്രിയയാണ് താപചാലനം. ഭൂമിയോടടുത്തുള്ള അന്തരീക്ഷവായു ചൂടുപിടിച്ച് വികസിച്ച് മുകളിലേക്കുയരുന്നതിലൂടെ കൂടുതൽ ഉയരങ്ങളിലേക്ക് താപം വ്യാപിക്കുന്ന പ്രക്രിയയാണ് സംവഹനം. കാറ്റിലൂടെ തിരശ്ചീനതലത്തിൽ താപം വ്യാപിക്കുന്ന പ്രക്രിയയാണ് അഭിവഹനം. ഭൗമോപരിതലം ചൂടുപിടിക്കുന്നതോടെ ദീർഘതരംഗങ്ങളായി ഭൗമോപരിതലത്തിൽനിന്നും ഊർജം പുറന്തള്ളുന്ന പ്രക്രിയയാണ് വികിരണം.

25. (A)

A. ശീലങ്ങളെയോ ഊഹാപോഹങ്ങളെയോ ആശ്രയിക്കുന്നു

B. വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കുന്നു

C. ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയോ പഠനങ്ങളുടെയോ അടിസ്ഥാനമില്ല

D. സങ്കീർണ്ണമായ സാമൂഹികപ്രശ്നങ്ങളെ മനസ്സിലാക്കാൻ കഴിയില്ല

25. (B)

a) 2018-2019

b) 21.1

c) തൊഴിൽരംഗത്ത് സ്ത്രീകളുടെ എണ്ണം കുറയാൻ കാരണം അവർ മുന്നോട്ട് വരാത്തതാണെന്ന സാമാന്യബോധജ്ഞാനം സമൂഹത്തിൽ നിലനിൽക്കുന്നു. ഈ സാമാന്യബോധജ്ഞാനത്തിനപ്പുറം മറ്റ് ഘടകങ്ങൾകൂടിയുണ്ടെന്ന് ചിന്തിക്കാൻ സമൂഹശാസ്ത്രസങ്കല്പം നമ്മെ സഹായിക്കുന്നു. ലിംഗപദവിയുമായി ബന്ധപ്പെട്ട അനേകം സാമുഹികഘടകങ്ങൾ

തൊഴിലിടങ്ങളിൽ സ്ത്രീകളുടെ എണ്ണം കുറയാൻ കാരണമാകുന്നതായി നമുക്ക് കണ്ടെത്താനാകും. പുരുഷന്മാർ കുടുംബത്തെ പോറ്റേണ്ടവരും, സ്ത്രീകൾ കുടുംബത്തെ പരിപാലിക്കേണ്ടവരുമാണെന്ന കാഴ്ചപ്പാട് സ്ത്രികളുടെ തൊഴിലവസരങ്ങളെ പരിമിതപ്പെടുത്തുന്നു. ഇത് സ്ത്രീകളുടെ സാമ്പത്തിക പിന്നാക്കാവസ്ഥയ്ക്ക് കാരണമാകുന്നു. സ്ത്രീകളുടെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും അവരുടെ തൊഴിൽപങ്കാളിത്തത്തിലെ കുറവിന് കാരണമാകുന്നു. ഇത്തരത്തിൽ തൊഴിൽപങ്കാളിത്തത്തിലെ ലിംഗപദവി വിടവിന് കാരണം പരിശോധിച്ചാൽ നിരവധി സാംസ്കാരിക - സാമ്പത്തിക വിദ്യാഭ്യാസപരമായ ഘടകങ്ങളെ സമൂഹശാസ്ത്രസങ്കല്പത്തിലൂടെ നമുക്ക് കണ്ടെത്താൻ കഴിയും.

26. (A)

* ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി സെൻട്രൽ കൺസ്യൂമർ പ്രൊട്ടക്ഷൻ അതോറിറ്റി സ്ഥാപിച്ചു.

* ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ നടത്തുന്ന അന്യായമായ വ്യാപാരം തടയുന്നതിനുള്ള നിയമങ്ങൾ.

* ഉപഭോക്തൃ തർക്കപരിഹാരപ്രക്രിയ ലളിതമാക്കുന്നു.

* മായം കലർന്ന / വ്യാജവസ്തുക്കളുടെ നിർമ്മാണമോ വില്പനയോ നടത്തുന്നവരെ ശിക്ഷിക്കാൻ ഈ നിയമം വ്യവസ്ഥചെയ്യുന്നു.

* തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ പ്രചരിപ്പിക്കുന്നത് തടയുന്നു.

* ഉപഭോക്തൃ വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം ഉറപ്പുവരുത്തുന്നു.

26. (B)

ആരോഗ്യരംഗം

* സ്റ്റേറ്റ് /നാഷണൽ മെഡിക്കൽ കൗൺസിലിലെ ഗ്രീവൻസ് പോർട്ടൽ വഴി പരാതി നൽകുക.

* ആരോഗ്യവിഭാഗം ഡയറക്ടർക്ക് റിപ്പോർട്ട് സഹിതം പരാതിപ്പെടുക.

* ഗുരുതരമായ ആരോഗ്യ തട്ടിപ്പുകൾക്ക് ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പബ്ലിക് ഇന്ററസ്റ്റ് ലിറ്റിഗേഷൻ ഫയൽ ചെയ്യാം.

* ആരോഗ്യ സേതു ആപ് വഴി പരാതി നൽകാം.


### ബാങ്കിംഗ് രംഗം

* ബാങ്ക് ഗ്രീവൻസ് റെഡ്രസ്സൽ മെക്കാനിസത്തെ (ബ്രാഞ്ച് മാനേജർ) സമീപിക്കുക.

* 30 ദിവസത്തിനുള്ളിൽ ബാങ്ക് മറുപടി തരാത്ത പക്ഷം RBI - ഓംബുഡ്സ്മാനെ സമീപിക്കാം.

* ബാങ്കിങ് ഓംബുഡ്സ്മാൻ ഇ മെയിൽ അഡ്രസ്സായ cgmbank@rbi.org.in-ലോ, ടോൾ ഫ്രീ നമ്പറായ 14448 ലോ പരാതിപ്പെടാം.

**27.**



28. വോൾട്ടയർ - തത്വചിന്തകനും ചരിത്രകാരനും ആക്ഷേപഹാസ്യകാരനുമായിരുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു വോൾട്ടയർ. അദ്ദേഹം ഒരു ദൈവനിഷേധിയായിരുന്നില്ലെങ്കിലും തന്റെ ലേഖനങ്ങളിലൂടെ പുരോഹിതരെ നിരന്തരം വിമർശിച്ചിരുന്നു. തന്റെ നിലപാടുകളും രചനകളുംമൂലം അദ്ദേഹം ഫ്രാൻസിൽനിന്നും പുറത്താക്കപ്പെട്ടു.
റൂസ്സോ - വിദ്യാഭ്യാസ ചിന്തകനും രാഷ്ട്രമീമാംസകനുമായിരുന്നു റൂസ്സോ. അദ്ദേഹത്തിന്റെ കൃതിയായ സാമൂഹ്യ ഉടമ്പടി വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ നിർവചിച്ചു. നല്ല നിയമം നല്ല പൗരരെ സൃഷ്ടിക്കുന്നു എന്ന് അദ്ദേഹം വാദിച്ചു. റൂസ്സോ നിലവിലുള്ള അധികാര ഘടനയെ എതിർത്തു. റൂസ്സോയുടെ ആശയങ്ങൾ പ്രകൃതിവാദത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. റൂസ്സോയുടെ കൃതികൾ ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമായിത്തീർന്നു.
മൊണ്ടെസ്ക്യൂ - മൊണ്ടെസ്ക്യൂ ക്രൈസ്തവ സഭയുടെ ദൂഷ്യങ്ങളെയും രാഷ്ട്രത്തിന്റെ സ്വേച്ഛാധിപത്യത്തെയും വിമർശിച്ചു. നിയന്ത്രിത രാജവാഴ്ചയെ അനുകൂലിച്ച അദ്ദേഹം വ്യക്തികളുടെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റിന്റെ അധികാരത്തെ നിയമനിർമ്മാണം, ഭരണനിർവഹണം, നീതിന്യായം എന്നിങ്ങനെ മൂന്നായി തിരിക്കാം എന്ന് നിർദേശിച്ചു.
ജോൺ ലോക്ക് - ബ്രിട്ടീഷ് ചിന്തകനായ ജോൺ ലോക്കിന്റെ ആശയങ്ങളും ഫ്രഞ്ച് ജനതയെ നിർണ്ണായകമായി സ്വാധീനിച്ചു. തന്റെ വിഖ്യാതകൃതിയായ ടു ട്രീറ്റിസസ്ഓഫ് ഗവൺമെന്റ്  രാജാവിന്റെ ദൈവദത്താവകാശത്തെയും സ്വേച്ഛാധികാരത്തെയും നിരാകരിച്ചു.

29. ചരിത്രരചനയിൽ മധ്യകാല ക്രൈസ്തവ പാരമ്പര്യത്തിൽനിന്നും മതേതര ജീവിതത്തിലേക്കും ചിന്തയിലേക്കുമുള്ള മാറ്റം പ്രതിഫലിച്ചു. ചരിത്രസംഭവങ്ങൾ ദൈവസൃഷ്ടിയാണെന്നും ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത് ഒരു അതീന്ദ്രിയശക്തിയാണെന്നുമുള്ള കാഴ്ചപ്പാടാണ് മധ്യകാലത്ത് നിലനിന്നിരുന്നത്. എന്നാൽ ഈ കാഴ്ചപ്പാടിന് നവോത്ഥാനകാലത്ത് പ്രസക്തി നഷ്ടപ്പെട്ടു. മനുഷ്യകേന്ദ്രീകൃതമായ ചരിത്രവ്യാഖ്യാനങ്ങൾക്ക് അംഗീകാരം ലഭിക്കാൻ തുടങ്ങി. സന്യാസിമാരുടെ ദിനവൃത്താന്തങ്ങൾക്കും പുരോഹിതരുടെ ജീവിതകഥകൾക്കും ഉപരിയായി മനുഷ്യജീവിതം ചരിത്രരചനയുടെ കേന്ദ്രബിന്ദുവായിമാറി. പുരാവസ്തുതെളിവുകൾക്കും ശേഷിപ്പുകൾക്കും ചരിത്രരചനയിൽ സ്ഥാനം ലഭിച്ചു. ചരിത്രകാരർ ലിഖിതങ്ങൾ, നാണയങ്ങൾ, പ്രാചീന കൈയെഴുത്തുപ്രതികൾ തുടങ്ങിയ തെളിവുകൾക്ക് ചരിത്രരചനയിൽ സവിശേഷസ്ഥാനം നൽകി. മാനവികതയുടെ കടന്നുവരവോടെ ചരിത്രരചനയിൽ വിമർശനങ്ങൾക്കും സ്ഥാനം ലഭിച്ചു.

30. (A)

താപം മർദത്തിന് വിപരീതാനുപാതത്തിലായതിനാൽ ഭൗമോപരിതലത്തിൽ ഏറ്റവും കുറഞ്ഞ അന്തരീക്ഷമർദം ഭൂമധ്യരേഖാപ്രദേശങ്ങളിലും ഏറ്റവും കൂടുതൽ ധ്രുവപ്രദേശങ്ങളിലുമായിരിക്കും അനുഭവപ്പെടുക. അതായത് മധ്യരേഖയിൽനിന്നും ധ്രുവങ്ങൾക്കഭിമുഖമായി മർദം ക്രമേണ കൂടിവരേണ്ടതുണ്ട്. എന്നാൽ ചിലയിടങ്ങളിൽ ഭൂഭ്രമണത്തിന്റേതായ സ്വാധീനത്താൽ മർദസാഹചര്യങ്ങൾ വ്യത്യാസപ്പെടുന്നു. ചില പ്രത്യേക അക്ഷാംശമേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക മർദമേഖലകൾ രൂപപ്പെടുന്നു. ഇവയെ ആഗോളമർദമേഖലകൾ എന്ന് വിളിക്കുന്നു.

ഭൂമധ്യരേഖാപ്രദേശത്തെ ഉയർന്ന താപനില കാരണം വായു ചൂടായി വികസിച്ചുയരുന്നതാണ് ഭൂമധ്യരേഖാന്യൂനമർദമേഖല രൂപംകൊള്ളാൻ കാരണം. ലംബദിശയിൽ വായുപ്രവാഹമുണ്ടാകുന്ന ഈ മേഖലയിൽ കാറ്റുകൾ വീശുന്നില്ല. കാറ്റുകൾ ഇല്ലാത്ത മേഖല എന്ന അർഥത്തിൽ ഈ മർദമേഖലയെ നിർവാതമേഖല എന്ന് വിളിക്കുന്നു.

മധ്യരേഖയിലേതിന് വിപരീത അന്തരീക്ഷ സാഹചര്യങ്ങളാണ് ധ്രുവങ്ങളിലുള്ളത്. വായു തണുത്ത് സങ്കോചിച്ച് താഴ്ന്നിറങ്ങുന്നതിലൂടെ ധ്രുവീയഉച്ചമർദമേഖലകൾ രൂപപ്പെടുന്നു.

ഏതാണ്ട് 60° തെക്കും 60° വടക്കും അക്ഷാംശമേഖലകളിൽ പൊതുവെ താപനില കുറവായതിനാൽ ഉച്ചമർദസാഹചര്യങ്ങളാണ് രൂപപ്പെടേണ്ടത്. എന്നാൽ ഭൂഭ്രമണത്തിന്റെ സ്വാധീനശക്തിയാൽ ഈ മേഖലയിൽ വായു വൻതോതിൽ ആകാശത്തേയ്ക്ക് ഉയർത്തപ്പെടുന്നതിനാൽ ഉപധ്രുവീയ ന്യൂനമർദമേഖലകൾ രൂപപ്പെടുന്നു.

30. (B)

* കാലാവസ്ഥാമാറ്റങ്ങൾക്ക് കാരണമാകുന്ന മനുഷ്യജന്യ കാരണങ്ങളായ വനനശീകരണം, എണ്ണ ഖനനം, വ്യവസായവൽക്കരണം തുടങ്ങിയവയെ സംബന്ധിച്ച സമഗ്രമായ വിവരങ്ങൾ.

* കാലാവസ്ഥാമാറ്റങ്ങൾ സംബന്ധിച്ച കൃത്യവും ആധികാരികവുമായ സ്ഥിതിവിവര കണക്കുകൾ.

* കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് അന്താരാഷ്ട്ര ഏജൻസികൾ നടത്തിയ പഠനറിപ്പോർട്ടുകളിലെ വിവരങ്ങൾ.

* ഹരിതഗൃഹവാതകങ്ങൾ, ഹരിതഗൃഹപ്രഭാവം, ആഗോളതാപനം എന്നിവ സംബന്ധിച്ച വായനാസാമഗ്രികൾ.

* വ്യവസായവൽക്കരണം, ഭൂവിനിയോഗമാറ്റങ്ങൾ, നഗരവൽക്കരണം തുടങ്ങിയ മനുഷ്യപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ.
* വിവിധ അന്താരാഷ്ട്ര ഉദ്യമങ്ങളും അവയുടെ ഇടപെടലുകളും സംബന്ധിച്ച വിവരങ്ങൾ.
* ഊർജ്ജകാര്യക്ഷമത പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ.
* പ്രാദേശികമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയുന്ന വിവിധങ്ങളായ പരിഹാര പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ.

**31.** (A) മതനവീകരണത്തെ തുടർന്ന് കത്തോലിക്കാസഭ സ്വയം നവീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇത് പ്രതിമതനവീകരണം എന്നറിയപ്പെടുന്നു. ഇതിന്റെ ഭാഗമായി വടക്കൻ ഇറ്റലിയിലെ ട്രെന്റിൽ സഭാനേതൃത്വത്തിന്റെ ഒരു സമ്മേളനം (സുനഹദോസ്) വിളിച്ചുചേർത്തു. മതരംഗത്തെ തെറ്റായ പ്രവണതകളെ ഒഴിവാക്കി, പരിഷ്കരണവുമായി മുന്നോട്ടുപോവുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. തൽഫലമായി പാപവിമോചനപത്രത്തിന്റെ വില്പന നിരോധിച്ചു. വിശ്വാസികൾ വായിക്കാൻ പാടില്ലാത്ത പുസ്തകങ്ങളുടെ പട്ടികയായ ഇൻഡക്സ് പ്രസിദ്ധീകരിച്ചു. മധ്യകാലത്ത് നിലനിന്നിരുന്ന മതവിചാരണ കോടതി പുനഃസ്ഥാപിച്ചു. സ്പെയിൻകാരനായ ഇഗ്നേഷ്യസ് ലൊയോള എന്ന പുരോഹിതൻ സ്ഥാപിച്ച സൊസൈറ്റി ഓഫ് ജീസസ് എന്ന സഭയും പ്രതിമതനവീകരണത്തിൽ പ്രധാന പങ്കുവഹിച്ചു. ഇതിലെ അംഗങ്ങൾക്ക് കർശനമായ അച്ചടക്കവും ചോദ്യം ചെയ്യാതെയുള്ള അനുസരണയും ബാധകമായിരുന്നു. വിദ്യാലയങ്ങൾ സ്ഥാപിച്ചുകൊണ്ടും മതപ്രചാരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടും കത്തോലിക്കാസഭയുടെ മേധാവിത്വം ഉറപ്പിക്കാൻ അവർ ശ്രമിച്ചു. കത്തോലിക്കാസഭയിൽ അക്കാലത്ത് നിലനിന്നിരുന്ന നിരവധി തെറ്റായ പ്രവണതകളെ ഇല്ലാതാക്കാൻ പ്രതിമതനവീകരണത്തിന് കഴിഞ്ഞു.

**31.** (B) പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച് സമൂഹത്തെ മൂന്ന് തട്ടുകളായി (എസ്റ്റേറ്റുകൾ) വിഭജിച്ചിരുന്നു. പുരോഹിതർ ഒന്നാം എസ്റ്റേറ്റിലും, പ്രഭുക്കൾ രണ്ടാം എസ്റ്റേറ്റിലും, സാധാരണക്കാർ മൂന്നാം എസ്റ്റേറ്റിലുമായിരുന്നു ഉൾപ്പെട്ടിരുന്നത്. വളരെ പ്രബലവും സമ്പന്നവുമായിരുന്നു ഫ്രാൻസിലെ കത്തോലിക്കാസഭ. ഭൂസ്വത്തിന്റെ വലിയൊരുഭാഗവും സഭയുടെ ഉടമസ്ഥതയിലായിരുന്നു. പുരോഹിതരെ എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കിയിരുന്നു. പുരോഹിതർ ഒന്നാം എസ്റ്റേറ്റിൽ ഉൾപ്പെട്ടിരുന്നു. അവർ സാധാരണ കർഷകരിൽനിന്നും ടൈഥ് എന്ന നികുതി പിരിച്ചിരുന്നു. വിളവിന്റെ പത്തിലൊന്നായിരുന്നു നികുതിയായി

നൽകേണ്ടിയിരുന്നത്. ഇത് സാധാരണ കർഷകർക്ക് പുരോഹിതരോട് വിരോധം തോന്നാൻ ഇടയാക്കി. ഭരണരംഗത്തെ ഉയർന്ന സ്ഥാനങ്ങളും സൈന്യത്തിലെ ഉയർന്ന പദവികളും കൈയടക്കിവച്ചിരുന്ന പ്രഭുക്കളായിരുന്നു രണ്ടാം എസ്റ്റേറ്റിൽ ഉൾപ്പെട്ടിരുന്നത്. ഇവർ ഭൂവുടമകൾ കൂടിയായിരുന്നു. ആഡംബരജീവിതം നയിച്ചിരുന്ന പ്രഭുക്കൾ ജനങ്ങളിൽനിന്ന് വിവിധ നികുതികൾ പിരിച്ചെടുത്തിരുന്നു. 1749 ലെ നിയമമനുസരിച്ച് എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും തങ്ങളുടെ വരുമാനത്തിന്റെ ഇരുപതിൽ ഒരുഭാഗം സർക്കാരിലേക്ക് നേരിട്ട് നികുതിയായി നൽകണമായിരുന്നു. ഈ നികുതി വോങ്ത്‌തീയെം എന്നറിയപ്പെട്ടിരുന്നു. പുരോഹിതരും പ്രഭുക്കളും രാജാവിന് ഒരു ചെറിയതുക മാത്രം നൽകി തന്ത്രപൂർവം നികുതിയിൽനിന്നും ഒഴിവായിരുന്നു. മധ്യവർഗവും തൊഴിലാളികളും കർഷകരും അടങ്ങുന്നതായിരുന്നു ഫ്രാൻസിലെ മൂന്നാമത്തെ എസ്റ്റേറ്റ്. ഇവർ കോമൺസ് (സാധാരണക്കാർ) എന്നറിയപ്പെട്ടു. ജനസംഖ്യയുടെ ഭൂരിഭാഗവും ഉൾക്കൊണ്ടിരുന്ന മൂന്നാമത്തെ എസ്റ്റേറ്റിലെ ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിലായിരുന്നു ജീവിച്ചിരുന്നത്. തങ്ങൾ ഉൽപാദിപ്പിക്കുന്ന വിളവിന്റെ ഒരംശം മാത്രമാണ് കർഷകന് ലഭിച്ചിരുന്നത്. ഇവർ രാജാവിനും പള്ളിക്കും പ്രഭുവിനും വ്യത്യസ്തങ്ങളായ നികുതികൾ നൽകാൻ ബാധ്യസ്ഥരായിരുന്നു. അതിനോടൊപ്പം, ആവശ്യമുള്ള സന്ദർഭങ്ങളിൽ സൈനികസേവനം നടത്തുക, പൊതുനിരത്തുകൾ, ജലമാർഗങ്ങൾ, പാലങ്ങൾ തുടങ്ങിയവയുടെ മരാമത്തുപണികൾക്ക് സൗജന്യസേവനം നൽകുക തുടങ്ങിയ പ്രതിഫലമില്ലാത്ത അനേകം നിർബന്ധിതസേവനങ്ങളും ഇവർ ചെയ്യേണ്ടിയിരുന്നു. പുരോഹിതർ ഉൾപ്പെടുന്ന ഒന്നാം എസ്റ്റേറ്റും, പ്രഭുക്കൾ ഉൾപ്പെടുന്ന രണ്ടാം എസ്റ്റേറ്റും സാധാരണക്കാരായ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണയായി മാറുകയും, അതുവഴി വലിയ തോതിലുള്ള സാമൂഹിക അസമത്വം രൂപപ്പെടുകയും ചെയ്തു.

---




Prepared by:

PRAMOD KUMAR.T
HST Social Science
Republican VHSS, Konni
Pathanamthitta
Mobile : 9447090288
9400790288